"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് - കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ ധനുവച്ചപുരം FWC-ക്ക് കെട്ടിടം പണിയുവാനായി അനുവദിച്ച തുക കൊല്ലയിൽ മെയിൻ സെന്റർ കെട്ടിടത്തിന് മാറ്റി വിനിയോഗിക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1304/2025/LSGD തീയതി,തിരുവനന്തപുരം, 27-05-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1625/2023/LSGD; തീയതി 09.08.2023
2. സ.ഉ.(സാധാ) നം.295/2025/LSGD; തീയതി 31.01.2025
3. കൊല്ലയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ലെ നമ്പർ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.01.2025ലെ 6 (1) നമ്പർ തീരുമാനവും
4. ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 16.03.2025ലെ എൻ.എച്ച്.എം/2072/CONS-FIN-PMA/2025/SPMSU നമ്പർ കത്ത്
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.04.2025ലെ LSGD/PD/10667/2025-DPLA1 നമ്പർ കത്ത്

**ഉത്തരവ്**

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 2022-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം നൽകുന്ന സ്കീം 1 പ്രകാരം, വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് ഉപകേന്ദ്രങ്ങളുടെ കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിച്ച് നൽകി, അനക്സർ 1 പ്രകാരം പട്ടികപ്പെടുത്തിയിട്ടുമുണ്ട്. അപ്രകാരം, കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ ധനുവച്ചപുരം FWC-ക്ക് കെട്ടിടം പണിയുവാനായും തുക അനുവദിച്ചിരുന്നു.

2. ധനുവച്ചപുരം FWC കെട്ടിടം പണിയുന്നതിനായി നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റുന്നതിലേക്ക്, ഉപയോഗശൂന്യ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികൃതർ PWD യെ സമീപിച്ചുവെങ്കിലും അവരുടെ പരിശോധനയിൽ പ്രസ്തുത കെട്ടിടം അറ്റകുറ്റപണികൾ നടത്തിയാൽ ഉപയോഗപ്രദമാക്കുവാൻ കഴിയുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും, അതിനാൽ നിലവിലെ സബ്സെന്റർ കെട്ടിടം പൊളിച്ചു മാറ്റേണ്ടതില്ലാത്തതിനാൽ ടി സബ്സെന്ററിന് അനുവദിച്ച ഫണ്ട് പഞ്ചായത്തിന്റെ എഫ്.എച്ച്.സി കോമ്പൗണ്ടിലെ ജീർണ്ണാവസ്ഥയിലുള്ള കൊല്ലയിൽ മെയിൻ സെന്ററിന് മാറ്റി വിനിയോഗിക്കുവാനുള്ള അനുമതി നൽകണമെന്നും

ഗ്രാമപഞ്ചായത്ത് പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. ആവശ്യത്തിന്മേൽ അനുകൂല നടപടി സ്വീകരിക്കാവുന്നതാണെന്ന് പരാമർശം 4 പ്രകാരം നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറും, പരാമർശം 5 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരേ തദ്ദേശ സ്ഥാപനത്തിലെ തന്നെ ആരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണത്തിന് തുക വിനിയോഗിക്കുന്നതിന് പി.എഫ്.എം.എസ്സിൽ മറ്റ് ക്രമീകരണങ്ങൾ ആവശ്യമില്ലാത്തതിനാലും, നിലവിൽ അനുവദിച്ചിട്ടുള്ള ഹെൽത്ത് ഗ്രാന്റ് തുകയുടെ 50% ഉപയോഗിച്ചില്ലെങ്കിൽ അടുത്തഗഡു ഗ്രാന്റ് ലഭിക്കുകയില്ല എന്ന വസ്തുത കണക്കിലെടുത്തും, തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ കൊല്ലയിൽ കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള ധനുവച്ചപുരം FWC കെട്ടിടനിർമ്മാണത്തിനായി പരാമർശം 1 ഉത്തരവിന്റെ അനക്സർ 1 പ്രകാരം അനുവദിച്ച തുക, കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി, അതേ ഗ്രാമപഞ്ചായത്തിലെ തന്നെ കുടുംബാരോഗ്യകേന്ദ്രത്തിന്റെ കോമ്പൗണ്ടിലെ ജീർണ്ണാവസ്ഥയിലുള്ള കൊല്ലയിൽ മെയിൻ സെന്ററിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5. നിർവഹണത്തിന് പരാമർശം 2 ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, കൊല്ലയിൽ ഗ്രാമപഞ്ചായത്ത്, ധനുവച്ചപുരം പി.ഒ. - 695503
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ഡയറക്ടർ, ആരോഗ്യ വകുപ്പ്
5. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ ദൗത്യം
6. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, തിരുവനന്തപുരം
8. ജില്ലാ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം
9. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), തിരുവനന്തപുരം
10. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
11. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
12. ഡയറക്ടർ ജനറൽ, കില
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
15. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
16. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ് (DB1/112/2025-LSGD)
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 27-05-2025 16:24:01

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.